# DIRECTORATE OF GENERAL EDUCATION, HIGHER SECONDARY WING, HOUSING BOARD BUILDINGS, SANTHI NAGAR, THIRUVANANTHAPURAM – 1.

## SECOND YEAR HIGHER SECONDARY SAY/IMPROVEMENT EXAMINATION - JUNE 2024

## NOTIFICATION

**No. Ex.II-1/4000/HSE/2024** **Dated.: 09 /05/2024**

The Second Year Higher Secondary /Technical Higher Secondary /Art Higher Secondary SAY/ Improvement Examination 2024 will be conducted as per the time table appended. The Examination will be conducted in the selected Higher Secondary Schools in Kerala, all schools in Lakshadweep and a selected school in Gulf region.

**ELIGIBILITY**

(a) Candidates who registered for the Second Year Higher Secondary Examination, March 2024,but failed to become eligible for higher studies can appear for this examination. Such candidates shall register for all subjects for which they failed to attain D+ grade or above.

(b) Regular candidates who attended the second year Higher Secondary Examination March 2024 and attained D+ grade or above for all subjects are eligible to appear for improvement examination to improve their grade of any one subject only. Private Compartmental Candidates are not eligible to attend Improvement Examination.

**Note:**

(i) Candidates appearing for SAY/Improvement examination in Biology should attend both Botany and Zoology papers.

(ii) Candidates who had not registered for the Higher Secondary Examination, March 2024 are not eligible to register for the SAY/Improvement Examination 2024.

(iii) Candidates shall appear for Terminal Evaluation (TE) of the subject concerned. The CE and PE scores (PE, in the case of subjects with Practicals) of the March Examination of such candidates shall be carried over. If a candidate had not undergone Practical Evaluation previously, he/she should attend the same along with this Examination. Otherwise he/she will be treated as absent for that subject.

(iv) Consolidated certificate showing the scores obtained in the SAY Examination 2024 and in the previous exams will be issued to all candidates who become eligible for higher studies in the SAY Examination.

The list of Higher Secondary Schools selected as Examination Centres and the list of

Higher Secondary Schools clubbed to each Examination centre are available in the department portal www.dhse.kerala.gov.in

## GUIDELINES FOR SUBMISSION OF APPLICATIONS

The candidates can have their application forms from the schools where they registered for the Examination of March 2024. Application duly filled in shall be submitted to the Principal of the School where the student has registered for the March 2024 Examination. A passport size photograph shall be pasted and attested by the Principal in the space provided in the application form.

The Principal of the school shall register the candidates at their centre for SAY/Improvement Examination 2024, online, through iExaMS. The Principals shall download the admission tickets of the candidates registered for the SAY/Improvement Examination, and distribute the same to the candidates atleast three days before the commencement of the Examination. The candidates on receipt of the admission tickets shall scrutinize the hall tickets and get the defects if any, rectified then and there. The Principals shall inform the Name and Address of the Examination Centres to the SAY/Improvement candidates.

This notification is applicable to Open School Candidates also. Application form is common to all candidates.

The Principals of the parent school shall receive the applications with connected documents, consolidate the data, prepare the nominal roll and question paper statement of the candidates attending the examination and upload the details through Department Portal within the time limit specified. A hard copy of the nominal roll and Question Paper statement prepared by the parent school shall be given to the Chief Superintendent of the SAY/Improvement Exam Centre before the last date fixed for the same.

| | |
|---|---|
| **Last date for submission of Application in the parent school by the SAY/IMPROVEMENT Candidates** | 15/05/2024 |
| **Last date for remittance of fee at the treasury by the Principals of the parent school** | 16/05/2024 |
| **Last date for submission of application with a fine of Rs. 600/-** | 17/05/2024 |
| **Last date for remittance of fee with fine at the treasury by the Principals of the parent school** | 18/05/2024 |
| **Last date for online registration of Candidates through Department portal from the Parent School** | 20/05/2024 |

**EXAMINATION FEE FOR SAY / IMPROVEMENT EXAMINATION**

| Sl.No. | Purpose | Fee |
|---|---|---|
| 1 | Fee for SAY Examination(subject without practical) | Rs.150/- per Subject |
| 2 | Fee for SAY Examination(subject with practical) | Rs.175/- per Subject |
| 3 | Fee for Improvement Examination | Rs. 500/- per subject |
| 4 | Fee for Certificate | Rs. 40/- |

The fee for the Examination shall be remitted in the Government Treasury under the Head of Account “0202-01-102-97(02) Exam Fees” and the fee for Certificate shall be remitted under the Head of Account “0202-01-102-97(03) Other Receipts”. Details of fee remitted shall be uploaded in the same format as was done during March Exam 2024.

## CANDIDATES OF GULF SCHOOLS

The candidates of Gulf region can appear for the examination in the UAE examination centre OR anyone of the examination centres in Kerala where the Examination is conducted for the subject/subject combination for which the candidate has studied during the Higher Secondary Course. Those who are desired to attend the examination in Kerala shall bring with them the ***Identification Certificates bearing the photograph of the candidate duly attested by the Parent school Principal with office seal.*** They shall also produce before the Principal of the Examination Centre, their Admission Ticket of MARCH 2024 Examination/Identity Card issued from the School where they have studied. The Principals of the parent school in Gulf region shall forward the details of the students along with the Question Paper statement to the SAY/Improvement Examination Centres well in advance so as to enable the Principal of the Examination Centre to consolidate the question paper statement and to upload the same before the last date prescribed for the same. The Principal of the parent school shall also forward the details of candidates who appear for the exam in Kerala to jdexamdhse@gmail.com. ***The whole expense for conducting this examination in one centre in the Gulf Region shall be borne equally by all the Higher Secondary schools in the Gulf Region.***

## CANDIDATES OF LAKSHADWEEP SCHOOLS

The candidates in Lakshadweep can appear for the Examination in the centres provided in Lakshadweep where they had appeared for March 2024 Examination. The Examination centres are allowed for the SAY/Improvement Examination on condition that the entire responsibility regarding the conduct of this Examination shall rest with the office of the Director of Education, Administration of Union Territory of Lakshadweep.

## PRACTICAL EXAMINATION

**Practical Examination will be conducted on 29/05/2024 & 30/05/2024 in a selected centre, one in each district.**

Candidates who have appeared for Practical Examination conducted in January/February 2024 need not re-appear for the same in this SAY/Improvement Examination.

**പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം, ഹയർസെക്കന്ററി വിഭാഗം, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ, തിരുവനന്തപുരം – 1**

**രണ്ടാം വർഷ ഹയർ സെക്കന്ററി സേ / ഇംപ്രൂവ്മെന്റ് പരീക്ഷ – ജൂൺ 2024**

**വിജ്ഞാപനം**

**.നം. ഇ.എക്സ് II-1/4000/HSE/2024** **തീയതി.: 09/05/2024**

2024–ലെ രണ്ടാം വർഷ ഹയർ സെക്കന്ററി/ടെക്നിക്കൽ ഹയർ സെക്കന്ററി/ ആർട്ട് ഹയർ സെക്കന്ററി SAY /ഇംപ്രൂവ്മെന്റ് പരീക്ഷ അനുബന്ധമായി ചേർത്ത ടൈംടേബിൾ പ്രകാരം നടത്തുന്നതാണ്. കേരളത്തിലെ തിരഞ്ഞെടുത്ത ഹയർ സെക്കന്ററി സ്കൂളുകൾക്കു പുറമേ ലക്ഷദ്വീപിലെ സ്കൂളുകളും, ഗൾഫിലെ ഒരു സ്കൂളും പരീക്ഷാ കേന്ദ്രങ്ങളായിരിക്കും.

**യോഗ്യത**

(എ) 2024 മാർച്ചിൽ രണ്ടാം വർഷ പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്ത് ഉന്നത പഠനത്തിന് യോഗ്യത നേടാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്ക് ഈ പരീക്ഷയ്ക്ക് അപേക്ഷിക്കാം. ഇതിനായി 2024 മാർച്ച് പരീക്ഷയിൽ D+ ഗ്രേഡോ അതിനു മുകളിലോ നേടാനാവാത്ത വിദ്യാർത്ഥികൾ യോഗ്യത നേടാത്ത എല്ലാ വിഷയങ്ങൾക്കും രജിസ്റ്റർ ചെയ്യേണ്ടതാണ്.

(ബി) 2024 മാർച്ചിൽ ആദ്യമായി രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷ എഴുതി എല്ലാ വിഷയങ്ങൾക്കും D+ ഗ്രേഡോ അതിനു മുകളിലോ നേടിയവർക്ക് ഏതെങ്കിലും ഒരു വിഷയത്തിനു മാത്രം തങ്ങളുടെ ഗ്രേഡ് മെച്ചപ്പെടുത്താൻ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് അപേക്ഷിക്കാവുന്നതാണ്. പ്രൈവറ്റ് കമ്പാർട്ട്മെന്റൽ വിദ്യാർത്ഥികൾ ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് പങ്കെടുക്കാൻ യോഗ്യരല്ല.

**കുറിപ്പ്:**

(1) ബയോളജി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യുന്ന വിദ്യാർത്ഥികൾ ബോട്ടണി പരീക്ഷയും സുവോളജി പരീക്ഷയും എഴുതേണ്ടതാണ്.

(2) 2024 മാർച്ചിലെ രണ്ടാം വർഷ ഹയർ സെക്കന്ററി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാത്തവർക്ക് 2024 ജൂണിൽ നടക്കുന്ന സേ/ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യാൻ യോഗ്യതയില്ല.

(3) പരീക്ഷാർത്ഥി അതതു വിഷയത്തിലെ ആത്യന്തിക മൂല്യനിർണ്ണയത്തിന് (T.E) ഹാജരായാൽ മതിയാകുന്നതാണ്. മാർച്ച് പരീക്ഷയ്ക്ക് ലഭിച്ച നിരന്തര മൂല്യനിർണയ സ്കോറും പ്രായോഗിക പരീക്ഷയ്ക്കു ലഭിച്ച സ്കോറും (പ്രായോഗിക പരീക്ഷ യുള്ള വിഷയത്തിന്) നിലനിൽക്കുന്നതാണ്. എന്നാൽ പ്രായോഗിക പരീക്ഷയ്ക്കു ഹാജരാകാത്തവർ ഈ പരീക്ഷയ്ക്കൊപ്പം നിർബന്ധമായും പ്രായോ ഗിക പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്. ഇത്തരം വിദ്യാർത്ഥികൾ പ്രായോഗിക മൂല്യ നിർണ്ണയത്തിന് ഹാജരാകാതിരുന്നാൽ അവർ ആ വിഷയത്തിനു ‘‘ ആബ്സന്റ്’’ ആയതായി കണക്കാക്കപ്പെടും.

(4) സേ പരീക്ഷയിൽ പരീക്ഷാർത്ഥിക്ക് ഇതുവരെ ലഭിച്ച സ്കോറുകളുടെ അടിസ്ഥാനത്തിൽ യോഗ്യത രേഖപ്പെടുത്തിയ ക്രോഡീകരിച്ച സർട്ടിഫിക്കറ്റായിരിക്കും നൽകുക.

പരീക്ഷാ കേന്ദ്രങ്ങളുടെ ലിസ്റ്റും ക്ലബ് ചെയ്യപ്പെട്ട സ്കൂളുകളുടെ ലിസ്റ്റും www.dhse.kerala.gov.in എന്ന വകുപ്പുതല പോർട്ടലിൽ ലഭ്യമാണ്.

## അപേക്ഷകൾ സമർപ്പിക്കുന്നതു സംബന്ധിച്ച മാർഗ്ഗ നിർദ്ദേശങ്ങൾ

പരീക്ഷാർത്ഥിക്ക് 2024 മാർച്ചിൽ പരീക്ഷക്ക് രജിസ്റ്റർ ചെയ്ത സ്കൂളിൽ നിന്നും അപേക്ഷാഫോറം വാങ്ങാവുന്നതാണ്. പൂരിപ്പിച്ച അപേക്ഷകൾ നിശ്ചിത ഫീസ് സഹിതം നിശ്ചിത സമയപരിധിക്കുള്ളിൽ പ്രസ്തുത സ്കൂൾ പ്രിൻസിപ്പലിന് സമർപ്പിക്കേണ്ടതാണ്. അപേക്ഷയിൽ വിദ്യാർത്ഥികൾ തങ്ങളുടെ പാസ്പോർട്ട് സൈസ് ഫോട്ടോ പതിപ്പിക്കേണ്ടതും അത് സ്കൂൾ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

സ്കൂൾ പ്രിൻസിപ്പൽമാർ പരീക്ഷാർത്ഥികളെ **iExaMS** പോർട്ടൽ വഴി ഓൺലൈനായി പരീക്ഷയ്ക്ക് രജിസ്റ്റർ ചെയ്യേണ്ടതാണ്. അഡ്മിഷൻ ടിക്കറ്റുകൾ പോർട്ടലിൽ ലഭ്യമാക്കുമ്പോൾ മാതൃ സ്കൂളുകളിലെ പ്രിൻസിപ്പൽമാർ അത് ഡൗൺലോഡ് ചെയ്തെടുത്ത് വിദ്യാർത്ഥികൾക്ക് മൂന്ന് ദിവസം മുമ്പെങ്കിലും നൽകേണ്ടതാണ്. പരീക്ഷാർത്ഥികൾ തങ്ങൾക്ക് ലഭിച്ച അഡ്മിഷൻ ടിക്കറ്റിൽ തെറ്റുകളില്ലായെന്നും ലഭിച്ച അഡ്മിഷൻ ടിക്കറ്റ് മാറിയിട്ടില്ലായെന്നും ഉറപ്പുവരുത്തേണ്ടതാണ്. സേ/ഇംപ്രൂവ്മെന്റ് പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികളുടെ പരീക്ഷാ കേന്ദ്രം ഏതാണെന്ന് ബന്ധപ്പെട്ട പ്രിൻസിപ്പൽമാർ പരീക്ഷാർത്ഥികളെ അറിയിക്കേണ്ടതാണ്.

ഈ വിജ്ഞാപനം ഓപ്പൺ സ്കൂൾ പരീക്ഷാർത്ഥികൾക്കും ബാധകമാണ്. അപേക്ഷാ ഫോറം എല്ലാ പരീക്ഷാർത്ഥികൾക്കും പൊതുവായുള്ളതാണ്.

സ്കൂൾ പ്രിൻസിപ്പൽമാർ അനുബന്ധ രേഖകൾ സഹിതമുള്ള അപേക്ഷകൾ സ്വീകരിക്കേണ്ടതും അപേക്ഷകളിലെ വിശദാംശങ്ങൾ ക്രോഡീകരിക്കേണ്ടതും നോമിനൽ റോളും ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റും തയ്യാറാക്കേണ്ടതും അനുവദിച്ചിട്ടുള്ള സമയ പരിധിക്കുള്ളിൽ തന്നെ അവ ഡിപ്പാർട്ട്മെന്റ് പോർട്ടലിൽ അപ്ലോഡ് ചെയ്യേണ്ടതുമാണ്. ഇപ്രകാരം തയ്യാറാക്കപ്പെട്ട നോമിനൽറോളിന്റേയും ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റിന്റെയും പകർപ്പ് ക്ലബ് ചെയ്യപ്പെട്ട സേ/ഇംപ്രൂവ്മെന്റ് പരീക്ഷാകേന്ദ്രത്തിലെ ചീഫ് സൂപ്രണ്ടിന് നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ നൽകേണ്ടതാണ്.

| | |
|---|---|
| **സേ/ഇംപ്രൂവ്മെന്റ് പരീക്ഷയ്ക്ക് മാതൃസ്കൂളുകളിൽ അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി** | 15/05/2024 |
| **സ്കൂൾ പ്രിൻസിപ്പൽമാർ ട്രഷറിയിൽ ഫീസ് ഒടുക്കേണ്ട അവസാന തീയതി** | 16/05/2024 |
| **600 രൂപ ഫൈനോടുകൂടെ അപേക്ഷ സമർപ്പിക്കാവുന്ന അവസാന തീയതി** | 17/05/2024 |
| **സ്കൂൾ പ്രിൻസിപ്പൽമാർ ഫൈനോടു കൂടിയഫീസ് ട്രഷറിയിൽ ഒടുക്കേണ്ട അവസാന തീയതി** | 18/05/2024 |
| **ഡിപ്പാർട്ട്മെന്റ് പോർട്ടൽ വഴി ഓൺലൈൻ രജിസ്ട്രേഷൻ നടത്താവുന്ന അവസാന തീയതി** | 20/05/2024 |

## സേ/ഇംപ്രൂവ്മെന്റ് പരീക്ഷാഫീസ്

| ക്രമ നമ്പർ | ഉദ്ദേശം | ഫീസ് |
|---|---|---|
| 1 | **സേ പരീക്ഷാ ഫീസ് (പ്രായോഗിക പരീക്ഷ** ഇല്ലാത്ത വിഷയങ്ങൾക്ക്) | **150/-രൂപ (ഒരു വിഷയത്തിന്)** |
| 2 | **സേ പരീക്ഷാ ഫീസ് (പ്രായോഗിക പരീക്ഷ** ഉള്ള വിഷയങ്ങൾക്ക്) | 175/-രൂപ **(ഒരു വിഷയത്തിന്)** |
| 3 | **ഇംപ്രൂവ്മെന്റ് പരീക്ഷാ ഫീസ്** | **500/- രൂപ (ഒരു വിഷയത്തിന്)** |
| 4 | **സർട്ടിഫിക്കറ്റ് ഫീസ്** | **40/- രൂപ** |

പരീക്ഷയ്ക്കുള്ള ഫീസ് സർക്കാർ ട്രഷറിയിൽ " 0202-01-102-97(02)Exam fees" എന്ന ഹെഡിലും സർട്ടിഫിക്കറ്റ് ഫീസ് " 0202-01-102-97(03)Other Receipts" എന്ന ഹെഡിലും ഒടുക്കേണ്ടതാണ്. ഫീസ് ഒടുക്കിയതിന്റെ വിശദാംശങ്ങൾ 2024 മാർച്ചിലെ പരീക്ഷയ്ക്ക് അപ്‌ലോഡ് ചെയ്ത മാതൃകയിൽ തന്നെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

## ഗൾഫ് മേഖലയിലെ പരീക്ഷാർത്ഥികൾ

ഗൾഫ് മേഖലയിലെ പരീക്ഷാർത്ഥികൾക്ക് ഗൾഫിൽ അനുവദിച്ചിട്ടുള്ള പരീക്ഷാ കേന്ദ്രത്തിലോ വിദ്യാർത്ഥി പഠിച്ച വിഷയം/വിഷയ കോമ്പിനേഷനുള്ള കേരളത്തിലെ ഏതെങ്കിലും ഒരു പരീക്ഷാ കേന്ദ്രത്തിലോ പരീക്ഷ എഴുതാവുന്നതാണ്. കേരളത്തിലെ പരീക്ഷാ കേന്ദ്രത്തിൽ പരീക്ഷ എഴുതാൻ ആഗ്രഹിക്കുന്ന പരീക്ഷാർത്ഥിയുടെ കൈവശം തിരിച്ചറിയൽ സർട്ടിഫിക്കറ്റ് ഉണ്ടായിരിക്കേണ്ടതാണ്. **തിരിച്ചറിയൽ സർട്ടിഫിക്കറ്റിൽ പരീക്ഷാർത്ഥിയുടെ ഫോട്ടോ പതിപ്പിക്കേണ്ടതും ആയത് മാതൃസ്കൂൾ പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പരീക്ഷാർത്ഥി പഠിച്ച ഗൾഫ് സ്കൂളിന്റെ സീലും പതിപ്പിക്കേണ്ടതാണ്.** കൂടാതെ ടി പരീക്ഷാർത്ഥി മാർച്ച് 2024-ലെ ഹയർ സെക്കന്ററി പരീക്ഷയുടെ അഡ്മിഷൻ ടിക്കറ്റും മാതൃ സ്കൂൾ തിരിച്ചറിയൽ കാർഡും കേരളത്തിലെ പരീക്ഷാകേന്ദ്രത്തിലെ പ്രിൻസിപ്പാളിനു സമർപ്പിക്കേണ്ടതാണ്. പരീക്ഷാർത്ഥി പഠിച്ച ഗൾഫ് സ്കൂൾ പ്രിൻസിപ്പൽ പരീക്ഷാർത്ഥിയെ സംബന്ധിച്ചുള്ള ആവശ്യമായ വിശദാംശങ്ങളും ചോദ്യപേപ്പർ സ്റ്റേറ്റ്മെന്റും സേ/ഇംപ്രൂവ്മെന്റ് പരീക്ഷാ കേന്ദ്രത്തിലെ പ്രിൻസിപ്പലിനു, നിശ്ചിത സമയത്തിനുള്ളിൽ അപ്‌ലോഡ് ചെയ്യത്തക്ക രീതിയിൽ മുൻകൂറായി നൽകേണ്ടതാണ്. മാതൃസ്കൂൾ പ്രിൻസിപ്പൽ കേരളത്തിൽ പരീക്ഷ എഴുതുന്ന പരീക്ഷാർത്ഥികളുടെ വിശദാംശങ്ങൾ jdexamdhse@gmail.com-ൽ അയയ്ക്കേണ്ടതാണ്. **ഗൾഫ് മേഖലയിലെ ഒരു സ്കൂളിൽ സേ/ഇംപ്രൂവ്മെന്റ് പരീക്ഷ നടത്തുവാനുള്ള മുഴുവൻ ചിലവും ഗൾഫ് മേഖലയിലെ** എല്ലാ **ഹയർ സെക്കന്ററി സ്കൂളുകളും തുല്യമായി വഹിക്കേണ്ടതാണ്.**

## ലക്ഷദ്വീപ് സ്കൂളുകളിലെ പരീക്ഷാർത്ഥികൾ

ലക്ഷദ്വീപ് മേഖലയിലെ പരീക്ഷാർത്ഥികൾക്ക് മാർച്ച് 2024 -ലെ പരീക്ഷാ കേന്ദ്രത്തിൽ വച്ചു തന്നെ പരീക്ഷ എഴുതാവുന്നതാണ്. സേ/ഇംപ്രൂവ്മെന്റ് പരീക്ഷ നടത്തിപ്പു സംബന്ധിച്ച എല്ലാ ഉത്തരവാദിത്വവും ലക്ഷദ്വീപ് യൂണിയൻ ടെറിറ്ററി ഭരണ വിഭാഗത്തിലെ വിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിക്ഷിപ്തമാണ് എന്ന വ്യവസ്ഥയിലാണ് സേ/ ഇംപ്രൂവ്മെന്റ് പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചിട്ടുള്ളത്.

**പ്രായോഗിക പരീക്ഷ**

**പ്രായോഗിക പരീക്ഷ ഓരോ ജില്ലയിലും നിശ്ചയിച്ചിട്ടുള്ള ഒരു കേന്ദ്രത്തിൽ വച്ച് 29/05/2024 & 30/05//2024 - എന്നീ തീയതികളിൽ നടത്തുന്നതാണ്.** ജനുവരി/ഫെബ്രുവരി 2024 –ൽ പ്രായോഗിക പരീക്ഷയ്ക്ക് ഹാജരായവർ സേ /ഇംപ്രൂവ്മെന്റ് പ്രായോഗിക പരീക്ഷയ്ക്ക് വീണ്ടും ഹാജരാകേണ്ടതില്ല.

**TIMETABLE FOR THE SECOND YEAR HIGHER SECONDARY SAY/IMP EXAMINATION – 2024**

| SL. NO. | DATE | SUBJECTS |
|---|---|---|
| 1 | 12/06/2024 FN WEDNESDAY | PART II LANGUAGES, COMPUTER SCIENCE AND INFORMATION TECHNOLOGY |
| 2 | 12/06/2024 AN WEDNESDAY | CHEMISTRY, HISTORY, ISLAMIC HISTORY & CULTURE, BUSINESS STUDIES, COMMUNICATIVE ENGLISH |
| 3 | 13/06/2024 FN THURSDAY | PART I ENGLISH |
| 4 | 13/06/2024 AN THURSDAY | GEOGRAPHY, MUSIC, SOCIAL WORK, GEOLOGY, ACCOUNTANCY |
| 5 | 14/06/2024 FN FRIDAY | MATHEMATICS, PART III LANGUAGES, SANSKRIT SASTRA, PSYCHOLOGY |
| 6 | 14/06/2024 AN FRIDAY | HOME SCIENCE, GANDHIAN STUDIES, PHILOSOPHY, JOURNALISM, COMPUTER SCIENCE, STATISTICS |
| 7 | 19/06/2024 FN WEDNESDAY | PHYSICS, SOCIOLOGY, ANTHROPOLOGY |
| 8 | 19/06/2024 AN WEDNESDAY | ECONOMICS, ELECTRONIC SYSTEMS |
| 9 | 20/06/2024 FN THURSDAY | BIOLOGY, ELECTRONICS,POLITICAL SCIENCE, SANSKRIT SAHITHYA, COMPUTER APPLICATION, ENGLISH LITERATURE |

## ART SUBJECTS

| | DATE | SUBJECTS |
|---|---|---|
| 1 | 12/06/2024 FN WEDNESDAY | PART II LANGUAGES |
| 2 | 12/06/2024 AN WEDNESDAY | SUBSIDIARY |
| 3 | 13/06/2024 FN FRIDAY | PART I ENGLISH |
| 4 | 13/06/2024 AN FRIDAY | LITERATURE |
| 5 | 14/06/2024 FN FRIDAY | AESTHETICS |
| 6 | 14/06/2024 AN FRIDAY | SANSKRIT |
| 7 | 19/06/2024 FN WEDNESDAY | MAIN |

**TIME OF EXAMINATION**

Subjects without Practicals 9.30 A.M TO 12.15 P.M &2.00 PM TO 4.45.PM[IST] including Cool Off Time of 15 minutes Subjects with Practicals except Biology & Music 9.30A.M TO 11.45 A.M &2.00PM TO 4.15 PM [IST] including Cool Off Time (15 minutes) Biology 9.30 A.M TO 11.55 A.M [IST] including Cool Off Time (25 minutes ie., 15 minutes for Botany & Zoology and 10 minutes preparatory time for Zoology) Music 2.00 P.M TO 03.45 P.M [IST] including Cool Off Time (15 minutes)

**Sd/-**
**SHANAVAS. S IAS**
**CHAIRMAN**
**BOARD OF HIGHER SECONDARY EXAMINATIONS, KERALA,**
**Housing Board Buildings, Santhi Nagar, Thiruvananthapuram -1. &**
**DIRECTOR OF GENERAL EDUCATION**
**Housing Board Buildings, Santhi Nagar, Thiruvananthapuram -1.**

**Sd/-**
**DR.S.S. VIVEKANANDAN**
**SECRETARY**
**BOARD OF HIGHER SECONDARY EXAMINATIONS, KERALA &**
**JOINT DIRECTOR [EXAMINATIONS]**
**Directorate of General Education (Higher Secondary)**
**Housing Board Buildings, Santhi Nagar, Thiruvananthapuram -1.**